# സൽസ്വഭാവം

# ﴿ حســـن الخلـــق ﴾

[ Malayalam –മലയാളം –مليالم]


അബ്ദുൽ മലിക് അൽഖാസിം

عبدالملك القاسم

പരിഭാഷ: മുഹമ്മദ് കബീർ സലഫി

ترجمة: محمد كبير



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة

الرياض–المملكة العربية السعودية

islamhouse.com

1431 – 2010

بسم الله الرحمن الرحيم

الحمد لله، والصلاة والسلام على رسول الله.. وبعد:

സകല വസ്തുക്കളേയും നന്നായി സൃഷ്ടിച്ച, അവയെ സുന്ദരമായി സംവിധാനിച്ച, ലോകഗുരു മുഹമ്മദ് നബി(ﷺ)യെ ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ വളർത്തിയെടുത്ത അല്ലാഹുവിന്ന് സർവസ്തുതിയും.

ആദരണീയമായ സ്വഭാവഗുണങ്ങൾ അമ്പിയാക്കളുടേയും സിദ്ധീഖുകളുടേയും സ്വാലിഹുകളുടേയും സവിഷേതയാണ്. ഉന്നതമായ സ്ഥാനമാനങ്ങളിലേക്കുയരാൻ സൽസ്വഭാവങ്ങൾ കൊണ്ടാണ് സാധിതമാകുന്നത്. മഹിതമായ സ്വഭാവങ്ങളും വിശിഷ്ടമായ മര്യദകളും ഒത്തിണങ്ങിയവരായിരുന്നു പ്രവാചക തിരുമേനി(ﷺ)എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. അതിങ്ങനെ:

وَإِنَّكَ لَعَلَى خُلُقٍ عَظِيمٍ (القلم:4)

''തീർച്ചയായും നീ മഹത്തായ സ്വഭാവത്തിൽ തന്നെയാകുന്നു.'' (ഖലം: 4)

മനുഷ്യർക്കിടയിൽ പരസ്പര സ്നേഹവും ഐക്യവുമുണ്ടാക്കുന്നതിൽ സൽസ്വഭാവങ്ങൾക്ക് മുഖ്യമായ പങ്കുണ്ട്. എന്നാൽ ദുസ്സ്വഭാവങ്ങളാകട്ടെ, സമൂഹത്തിൽ പകയും വിദ്വേഷവും അകൽച്ചയുമാണ് മുളപ്പിച്ചുണ്ടാക്കുന്നത്.

ജീവിതത്തിൽ സ്വഭാവഗുണങ്ങൾ കാത്തുസൂക്ഷിക്കാൻ നബി(ﷺ) ഏറെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ധർമ്മനിഷ്ഠയേയും സ്വഭാവനിഷ്ഠയേയും ഒരേ വരിയിൽ ചേർത്തു പറഞ്ഞ ഒരു തിരുമൊഴിയുണ്ട്.

أكثر ما يدخل الناس الجنة، تقوى الله وحسن الخلق (رواه الترمذي والحاكم)

‘‘തഖ്‌വയും സൽസ്വഭാവവുമാണ് ജനങ്ങളെ ഏറ്റവും കൂടുതൽ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നവ.’’ (തിർമിദി, ഹാകിം)

എന്താണ് സൽസ്വഭാവത്തിന്റെ ലക്ഷണങ്ങൾ? മുഖപ്രസന്നത, നന്മകളുടെ കൈമാറ്റം, ജനദ്രോഹ വൃത്തികളിൽ നിന്നുള്ള അകൽച്ച, മൃദുലഭാഷണം, കോപം അടക്കിവെക്കൽ, പ്രയാസ ങ്ങളിൽ ക്ഷമകൈക്കൊള്ളൽ തുടങ്ങിയവയൊക്കെ സൽസ്വഭാ വത്തിന്റെ ലക്ഷണങ്ങളാണ്.

മഹാനായ പ്രവാചക തിരുമേനി അബൂഹുറയ്റ(ﷺ)ക്ക് നൽകിയ വിശ്രുദ്ധമായൊരുപദേശം ഹദീസിൽ വന്നിട്ടുണ്ട്.

يا أبا هريرة! عليك بحسن الخلق قال أبو هريرة رضي الله عنه: وما حسن الخلق يا رسول الله؟قال: تصل مَنْ قطعك، وتعفو عمن ظلمك، وتُعطي من حرمك (رواه البيهقي)

നബി(ﷺ)യൊരിക്കൽ പറഞ്ഞു: ‘‘ഹേ, അബൂ ഹുറയ്റാ! നീ സൽ സ്വഭാവം കാത്തുസൂക്ഷിക്കുക. അദ്ദേഹം ചോദിച്ചു: അല്ലാഹു വിന്റെ റസൂലേ, സൽസ്വഭാവം എന്നാൽ എന്താണ്? തിരുമേനി യരുളി: ബന്ധവിച്ഛേദം നടത്തിയവനുമായി നീ ബന്ധം സ്ഥാപി ക്കുക, നിന്നെ ദ്രോഹിച്ചവനോട് വിട്ട്‌വീഴ്ച ചെയ്യുക, നിനക്ക് ഉപകാരം ചെയ്യാത്തവന്നും നീ നൽകിക്കൊണ്ടിരിക്കുക.’’ (ബൈഹഖി)

സൽസ്വഭാവത്തിന് അനിതരമായ സ്വധീനശേഷിയുണ്ട്. അതി മഹത്തായ പ്രതിഫലമാണ് ആദരണീയമായ സ്വഭാവങ്ങളുടെ ഉടമക്ക് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. നബി(ﷺ) പറഞ്ഞു:

إن الرجل ليدرك بحسن خلقه درجة الصائم القائم (رواه أحمد)

ആയിശ(رضي الله عنها)യിൽ നിന്ന് നിവേദനം: തിരുദൂതൻ(ﷺ) പറയു ന്നത് ഞാൻ കേട്ടു. ‘‘ഒരു സത്യവിശ്വാസിക്ക് തന്റെ സൽസ്വഭാവം കൊണ്ട് (സദാ) വ്രതമനുഷ്ഠിക്കുകയും നമസ്കരിക്കുകയും ചെ യ്യുന്നവന്റെ പദവികളാർജ്ജിക്കാൻ കഴിയും.’’ (അഹ്‌മദ്)

സൽഗുണങ്ങൾ ജീവിതത്തിന്റെ ഭാഗമായി കാത്തുസൂക്ഷിക്കുന്നത് ഈമാനിന്റെ സമ്പൂർണ്ണതയായി പ്രവാചകൻ മറ്റൊരിക്കൽ വിശദീകരിച്ചിട്ടുണ്ട്. അതിങ്ങനെ:

أكمل المؤمنين إيماناً أحسنهم خلقاً (أحمد وأبوداود)

അബൂഹുറയ്റ(ﷺ)യിൽ നിന്ന് നിവേദനം: റസൂൽ(ﷺ) അരുളി: ‘‘അവരിൽ വെച്ച് ഏറ്റവും സ്വഭാവവൈശിഷ്ട്യമുള്ളവരാണ് സത്യവിശ്വാസികളിൽ പരിപൂർണ്ണർ.’’ (അഹ്മദ്, അബൂദാവൂദ്)

സൽസ്വഭാവത്തിന്റെ മഹിമ പറയുമ്പോൾ പ്രാധാന്യപൂർവം എടുത്തുദ്ധരിക്കേണ്ട പ്രവാചകമൊഴിയാണ് താഴെ:

أحب الناس إلى الله أنفعهم، وأحب الأعمال إلى الله عز وجل، سرور تدخله على مسلم، أو تكشف عنه كربة، أو تقضي ديناً، أو تطرد عنه جوعاً، ولئن أمشي مع أخي المسلم في حاجة أحب إلَيّ من أن أعتكف في المسجد شهراً (الطبراني)

നബി തിരുമേനി(ﷺ) അരുളി: ‘‘അല്ലാഹുവിന് ഏറ്റവും കൂടുതൽ ഇഷ്ടമുള്ളത് ജനങ്ങളിലെ ഉപകാരികളെയാണ്. അവരിലെ ഏറ്റവും നല്ല കർമ്മം ഒരു മുസ്ലിമിന്റെ അടുത്തേക്ക് നീ സന്തോഷവുമായി കടന്നു ചെല്ലുന്നതാണ്. അല്ലെങ്കിൽ അവന്റെ കടബാധ്യത തീർത്തുകൊടുക്കുക, അതുമല്ലെങ്കിൽ അവന്റെ വിശപ്പടക്കാൻ ഭക്ഷണം നൽകുക. എന്റെയൊരു മുസ്ലിം സഹോദരന്റെ ആവശ്യനിർവഹണത്തിനായി അവനോടൊപ്പം യാത്രചെയ്യുന്നതാണ്, ഒരു മാസം ഞാൻ പള്ളിയിൽ ഇഅ്തികാഫിരിക്കുന്നതിനേക്കാൾ എനിക്ക് പ്രിയം.’’ (ത്വബ്റാനി)

വിനയവും ലാളിത്യവും ജീവിതത്തിന്റെ ഭാഗമാക്കാൻ കൽപിക്കപ്പെട്ടവനാണ് മുസ്ലിം. നന്മയുടെ തുലാസിൽ പ്രതിഫലത്തിന്റെ ഘനം കൂട്ടാൻ അവ ഉപകരിക്കുമെന്നതു കൊണ്ടാണത്. നിസ്സാരമെന്ന് ഗണിക്കപ്പെടുന്ന കാര്യങ്ങളിലെ നന്മകളെപ്പോലും പ്രവാചക തിരുമേനി(ﷺ) പ്രാധാന്യപൂർവം ഉണർത്തിയതായി കാണാനാകും. രണ്ട് തിരുമൊഴികൾ വായിക്കുക:

والكلمة الطيبة صدقة (متفق عليه)

‘‘ഒരു നല്ല വാക്ക് സ്വദഖയാണ്.’’ (ബുഖാരി, മുസ്ലിം)

وتبسمك في وجه أخيك صدقة (الترمذي)

‘‘നിന്റെ സഹോദരന്റെ മുഖത്തുനോക്കിയുള്ള നിന്റെ പുഞ്ചിരി സ്വദഖയാണ്.’’ (തിർമിദി)

അതെ, അധ്വാനമൊ അഞ്ചുകാശിന്റെ ചെലവൊ ഇല്ലാത്ത ഒരു മന്ദസ്മിതത്തിന് പോലും നന്മയുടെ തുലാസിൽ സ്വദഖയുടെ പ്രതിഫലം രേഖപ്പെടുത്തും എന്നത്രെ പ്രവാചകമൊഴിയുടെ സാരം.

സൽസ്വഭാവങ്ങളിലേക്ക് ഉത്തേജനം നൽകുന്നതും, സഹന സമീപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ ഒട്ടേറെ നബിപ്രോക്തനങ്ങളും നയനിർദ്ദേശങ്ങളും ഹദീസു ഗ്രന്ഥങ്ങളിൽ വിശ്രുതമാണ്. സ്വന്തത്തോടും, പത്നിമാരോടും, അയൽവാസികളോടും, അശരണരായ മുസ്ലിംകളോടും, അറിവില്ലാത്ത ജനതയോടും എന്നല്ല സത്യനിഷേധികളായ കാഫിറുകളോടു പോലും നബി തിരുമേനി (ﷺ) വെച്ചുപുലർത്തിയ സ്വഭാവ മര്യാദകൾ ആർക്കും പിന്തുടരാവുന്ന അനന്യമാതൃകയാണ്.

وَلاَ يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَى أَلاَّ تَعْدِلُواْ اعْدِلُواْ هُوَ أَقْرَبُ لِلتَّقْوَى (المائدة: 8)

''ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്.'' (മാഇദ:8) എന്ന ഖുർആനിക നിർദ്ദേശത്തെ നബി(ﷺ) കൃത്യമായും പാലിച്ചിരുന്നു.

സൽസ്വഭാവത്തിന്റെ ഭാഗമായി ഒട്ടേറെ ലക്ഷണങ്ങൾ നമുക്ക് എണ്ണിപ്പറയാനാകും. മുസ്ലിമെന്ന നിലക്ക് അവയെ മനസ്സിലാക്കാനും ജീവിതത്തിൽ പാലിക്കാനും നാം തയ്യാറാകണം. ലജ്ജാശീലം, ദ്രോഹ നടപടികളിൽ നിന്ന് മാറിനിൽക്കൽ, നന്മ നടപ്പിലാക്കുന്നതിന് അധ്വാനിക്കൽ, ഭാഷണത്തിൽ സത്യസന്ധത കാത്തുസൂക്ഷിക്കൽ, സംസാരം മിതമാക്കൽ, അധ്വാനശീലം വർധിപ്പിക്കൽ, പിഴവുകൾ വരാതെ ശ്രദ്ധിക്കൽ, അനാവശ്യ കാര്യങ്ങളിൽ ഇടപെടാതിരിക്കൽ തുടങ്ങിയവയൊക്കെ സൽഗുണങ്ങളുടെ ഭാഗങ്ങളാണ്. പുണ്യം, വിനയം, ക്ഷമ, നന്ദി, തൃപ്തി, സഹനം, ദയ, വ്യക്തിത്വ സംരക്ഷണം, സഹാനുഭൂതി തുടങ്ങിയ കാര്യങ്ങ്ളും സൽസ്വഭാവങ്ങൾതന്നെ. ആരേയും ശപിക്കാതിരിക്കുക, അധിക്ഷേപിക്കാതിരിക്കുക, ഏഷണിയും പരദൂഷണവും പറയാതിരിക്കുക, ക്ഷിപ്രമനസ്ഥിതി, പക, ലുബ്ധ്, അസൂയ മുതലായവ ഇല്ലാതിരിക്കുക, മൃദുലമായ പെരുമാറ്റവും സുതാര്യമായ സമീപനങ്ങളും സ്വീകരിക്കുക, ആരെ സ്നേഹിക്കുന്നതും ആരോട് കോപിക്കുന്നതും അല്ലാഹുവിന്റെ ആദർശക്കാര്യത്തിലും അവന്റെ പ്രീതി പ്രതീക്ഷിച്ചും മാത്രമാവുക തുടങ്ങിയ സംഗതികളും മുസ്ലിമിന്റെ ജീവിതത്തിൽ കാണപ്പെടേണ്ട സ്വഭാവമര്യാദകളാണ്.

സകലമാന ദുർഗുണങ്ങളുടേയും അടിസ്ഥാന സ്രോതസ്സ് അഹന്ത, പരനിന്ദ, നീചമനസ്ഥിതി എന്നിവയാണെങ്കിൽ മുഴുവൻ സൽഗുണങ്ങളുടേയും അടിസ്ഥാനകേന്ദ്രം ദൈവഭയവും ഉയർന്ന മനസ്ഥിതിയുമാണ്. പൊങ്ങച്ചം, നിഷേധം, അതിരുവിട്ട ആഹ്ലാദം, താൻപോരിമ, അസൂയ, അനീതി, ഡംബ്, അക്രമം, പരുഷത,

അസഹിഷ്ണുത, ധാർഷ്ട്യം, ഉപദേശം സ്വീകരിക്കായ്ക, ആത്മപ്രസംശ, സ്ഥാന-നേതൃത്വ മോഹം, ചെയ്യാത്ത പ്രവർത്തനത്തിന് പുകഴ്ത്തപ്പെടണമെന്ന ആഗ്രഹം തുടങ്ങിയ ദുർഗുണങ്ങളൊക്കെ അഹങ്കാരത്തിന്റെ ഉൽപ്പന്നങ്ങളാണ്.

എന്നാൽ കളവ്, നീചത്വം, വഞ്ചന, ലോകമാന്യം, കുതന്ത്രം, ചതി, അത്യാർഥി, വെപ്രാളം, ഭീരുത്വം, പിശുക്ക്, ദൗർബല്യം, അലസത, അല്ലാഹു അല്ലാത്തവരോടുള്ള വിധേയത്വം, നല്ലതിനെ മാറ്റിനിർത്തി ചീത്തയെ സ്വീകരിക്കുന്ന പ്രവണത തുടങ്ങിയ ദുർഗണങ്ങൾ പരനിന്ദയിൽ നിന്നും നീചമനസ്ഥിതിയിൽ നിന്നുമാണ് ഉടലെടുക്കുന്നത്.

ശ്രേഷ്ഠ സ്വഭാവങ്ങളും നിഷ്ഠകളും പാലിച്ചു കൊണ്ട് പടച്ചതമ്പുരാനിൽ നിന്നും അവക്ക് പ്രതിഫലം കൊതിക്കുന്നത് മാന്യമായ നിലപാടാണ്. സൽസ്വഭാവങ്ങളെ പുണരാനും അവ നിലനിർത്തുന്ന കാര്യത്തിൽ അധ്വാനിക്കാനും നാം ശ്രമിക്കേണ്ടതുതന്നെ. പകയും, വിദ്വേഷവും, കൊള്ളരുതാത്ത വാക്കുകളും, അനീതിയും, ഏഷണി-പരദൂഷണങ്ങളും, ആർത്തിയും, കുടുംബ വിച്ഛേദവും ജീവിതത്തിലെ സൽഗുണങ്ങളെ നഷ്ടപ്പെടുത്തിക്കളയുന്നതിനെ നാം കരുതിയിരിക്കണം.

അല്ലാഹുവിന്റെ ആഹ്വാനത്തിന് ചെവികൊടുത്തു കൊണ്ട് അഞ്ചുനേരവും സ്വന്തം മുഖം കഴുകി വൃത്തിയാക്കുന്ന ആളുകൾ പക്ഷെ, തങ്ങളിലള്ളിപ്പിടിച്ച ഭൗതിക മാലിന്യങ്ങളെ, കറുത്ത കളങ്കങ്ങളെ, വെറുക്കപ്പെട്ട സ്വഭാവങ്ങളെ തുടച്ചുമാറ്റി ഹൃദയ ശുദ്ധീകരണം വരുത്താൻ മുന്നോട്ടുവരാറില്ല എന്നത് ഏറെ അത്ഭുതപ്പെടുത്താറുണ്ട്! നാം അങ്ങനെ ആയക്കൂടാ. കോപം അടക്കിവെക്കാനും, നമുക്ക് ചുറ്റും ജീവിക്കുന്ന മാതാപിതാക്കൾ, ഭാര്യാ-സന്താനങ്ങൾ, കൂട്ടുകാർ, പരിചയക്കാർ എന്നിവരോട് നല്ലനിലയിൽ സഹവർത്തിത്വലേർപ്പെടാനും, അവരോട് സൗമ്യമായി സംസാരിക്കാനും, അവരെ പുഞ്ചിരിയോടെ സമീപിക്കാനും നമ്മൾ അതീവ താത്പര്യമെടുക്കണം. പ്രതിഫലാർഹമായ കാര്യങ്ങളാണത്.

നബി(ﷺ)യുടെ ഉൽകൃഷ്ടമായ ഒരു ഉപദേശം ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. അവിടുന്ന് അരുളി:

اتق الله حيثما كنت، وأتبع السيئة الحسنة تمحُها، وخالق الناس بخُلق حسن

(الترمذي)

‘‘എവിടെയായിരുന്നാലും നീ അല്ലാഹുവിനെ സൂക്ഷിക്കുക. തിന്മ ചെയ്തുവെങ്കിൽ അതിനെ മായ്ച്ചുകളയുന്ന നന്മകൾ തുടർന്നു

പ്രവർത്തിക്കുക. ജനങ്ങളുമായി നല്ല സ്വഭാവത്തിൽ വർത്തിക്കുകയും ചെയ്യുക.'' (തിർമിദി)

നബിതിരുമേനി(ﷺ) അരുളിയത് വായിക്കുക:

إن أقربكم مني مجلساً يوم القيامة أحسنكم أخلاقاً (أحمد والترمذي وابن حبان)

''നിശ്ചയം, ഖിയാമത്തുനാളിൽ ഞാനുമായി അടുത്ത ഇരിപ്പിടം ലഭിക്കുന്നവൻ നിങ്ങളിലെ സൽസ്വഭാവക്കാരാണ്.'' (അഹ്മദ്, തിർമിദി, ഇബ്നു ഹിബ്ബാൻ)

പ്രവാചക തിരുമേനി(ﷺ) ലോകത്തിന് പരിചയപ്പെടുത്തിയ ഈ വിഭാഗം ആളുകളുടെ കൂട്ടത്തിൽ പടച്ചതമ്പുരാൻ നമ്മെയെല്ലാം ഉൾപ്പെടുത്തുമാറാകട്ടെ. ആമീൻ

നാഥാ! വിട്ടുവീഴ്ചയും ആരോഗ്യവും നിന്നോട് ഞങ്ങൾ തേടുന്നു. ഞങ്ങളുടെ സ്വഭാവങ്ങളേയും കർമ്മങ്ങളേയും നീ നല്ലതാക്കിത്തീർക്കേണമേ. ഞങ്ങളുടെ സൃഷ്ടിപ്പിന് ഭംഗി നൽകിയതുപോലെ നിന്റെ ഔദാര്യം കൊണ്ട്, ഞങ്ങളുടെ സ്വഭാവങ്ങളേയും ഭംഗിയാർന്നതാക്കേണമേ. ഞങ്ങളുടെ മാതാപിതാക്കൾക്കും, മുഴുവൻ മുസ്‌ലിംകൾക്കും നാഥാ നീ പൊറുത്തു തരേണമേ. ആമീൻ

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين